പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.213 28.06.2016 - ൽ മറുപടിയ്ക്ക്

## അവശ്യമരുന്നുകളുടെ ദൗർലഭ്യം

| ചോദ്യം<br>ശ്രീ.വി.കെ.സി.മമ്മത് കോയ:<br>ശ്രീ.സി.കെ.ഹരീന്ദ്രൻ:<br>ശ്രീ. എം.നൗഷാദ്:<br>ശ്രീ.പുരുഷൻ കടലുണ്ടി: | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ദൗർലഭ്യം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്; | (എ) മുൻ സർക്കാരിന്റെ കാലത്ത് അവശ്യ മരുന്നുകളുടെ ദൗർലഭ്യം നേരിട്ട കാര്യം പരിശോധിച്ചിട്ടില്ല. എല്ലാ ആശുപത്രികളിലും അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു |
| (ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകാനുള്ള കുടിശ്ശിക നൽകി മരുന്നു വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) 2015-16 കാലയളവിലെ മരുന്നു വിതരണവുമായി ബന്ധപ്പെട്ട് കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. 2016-17 സാമ്പത്തിക വർഷത്തിലെ മരുന്നു വിതരണത്തിന് തടസ്സമുണ്ടാക്കാത്ത തരത്തിൽ കമ്പനികൾക്ക് നൽകാവുന്ന തുക ലഭ്യമാക്കുന്ന തരത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) മഴക്കാല രോഗങ്ങളുടെ വ്യാപന സാദ്ധ്യത കണക്കിലെടുത്ത് അടിയന്തിര സാഹചര്യത്തിൽ പ്രാദേശികമായി മരുന്നു വാങ്ങുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) 2016-17 സാമ്പത്തിക വർഷം സംസ്ഥാന ആരോഗ്യ വകുപ്പിനും ആരോഗ്യവിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളുടെയും അനുബന്ധ സാമഗ്രികളുടെയും ഇൻഡന്റ് പ്രസ്തുത വകുപ്പ് ഡയറക്ടർമാരിൽ നിന്നും 2015 നവംബർ മാസം തന്നെ സ്വീകരിച്ച് ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും 2016 ഫെബ്രുവരി മാസത്തോടെ പൂർത്തീകരിച്ച് വിതരണ ഓർഡറുകൾ നൽകുകയും അതനുസരിച്ചുള്ള മരുന്നുകൾ വിവിധ ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിലൂടെ നടപ്പ് സാമ്പത്തികവർഷാരംഭം മുതൽ തന്നെ സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്തുവരുന്നു. ഏതെങ്കിലും സാഹചര്യത്തിൽ അത്യാവശ്യ ഘട്ടങ്ങളിൽ തദ്ദേശീയമായി മരുന്നു സംഭരിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടായാൽ ഉപരി നിർദ്ദേശം നൽകുന്നതിനുള്ള അധികാരം ആരോഗ്യവകുപ്പ ഡയറക്ടറുടേയും ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറുടേയും മേൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ